(ഡി) ഉണ്ടെങ്കിൽ ഇവിടെ ഒരു സ്ഥിരം കേരളഗ്രാമം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) കോവളത്ത് 'ഗ്രാമം-കേരള' വില്ലേജ് ഫെയർ ആരംഭിച്ചത് 1995-ൽ ആണ്.

(ബി) ഇതേവരെ 68,94,461 രൂപ (അറുപത്തിഎട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി നാനൂറ്റി അറുപത്തി ഒന്ന് രൂപ) ഇതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. (കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ കണക്ക് അന്തിമമല്ല).

(സി & ഡി) ഈ പരിപാടി 1995 മുതൽ നടത്തിവരുന്നുണ്ട്. സ്ഥിരം കേരളഗ്രാമം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കന്റോൺമെന്റ് ഹൗസ് വളപ്പിൽ അനധികൃത നിർമ്മിതി പൊളിച്ചുമാറ്റാൻ നിർദ്ദേശം

144 (3334) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്റോൺമെന്റ് ഹൗസ് വളപ്പിൽ മതിലിനുമുകളിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ ടൂറിസം വകുപ്പ് നല്കിയ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് ആ നിർദ്ദേശം നടപ്പാക്കി ഇനിയും ഇത്തരം അനധികൃത കൈയേറ്റം ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?;

ഉത്തരം

(എ & ബി) കന്റോൺമെന്റ് വളപ്പിലെ മതിലിനു മുകളിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റണമെന്ന് നഗരസഭാധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ അത് പൊളിച്ചുമാറ്റിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കാൻ തദ്ദേശഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. നഗരസഭാധികൃതരാണ് ഇത്തരം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റേണ്ടത്.

ചന്ദ്രഗിരിക്കോട്ട ഏറ്റെടുക്കാൻ നടപടി

145 (3335) ശ്രീ. പി. രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായി വിസ്പ്പിക്കുന്നതിനായി ചന്ദ്രഗിരിക്കോട്ട ഏറ്റെടുക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ചന്ദ്രഗിരികോട്ട ബി.ആർ.ഡി.സിയ്ക്കു കൈമാറണമെന്ന് ടൂറിസം ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

കണ്ണൂർ ടൂറിസം പ്രോജക്ട്

146 (3336) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന കണ്ണൂർ ടൂറിസം പ്രോജക്ടിൽ എന്തെല്ലാം പദ്ധതികൾ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവായി ;

(സി) കണ്ണൂരിലെ കടലോര നടപ്പാത ദീർഘിപ്പിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) പൈതൽമലയുടെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുഴുപ്പിലങ്ങാട്, മീൻകുന്ന്, പയ്യാംപലം എന്നീ ബീച്ചുകളുടെയും ധർമ്മടം ദ്വീപിന്റെയും സമഗ്രവികസനമാണ് കണ്ണൂർ ടൂറിസം പ്രോജക്ടിലെ പ്രധാന പദ്ധതികൾ. കൂടാതെ മലബാർ പ്രദേശത്ത് ബാക്ക്‌വാട്ടർ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിലെ വളപട്ടണം, പറശ്ശിനിക്കടവ് എന്നീ പ്രദേശങ്ങളിൽ നിന്ന് കാസർഗോട്ടേക്ക് ബോട്ട് സർവ്വീസ് നടത്തുക, കണ്ണൂരിൽ വിനോദസഞ്ചാരികൾക്കായി വാട്ടർസ്പോർട്ട്സ് ഏർപ്പെടുത്തുക, കണ്ണൂരിലെ പഴശ്ശി ഗാർഡന്റെ വികസനം എന്നിവയും സമഗ്ര ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 1. കണ്ണൂർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് 110 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി 42 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

അനുവദിക്കപ്പെട്ട മറ്റ് പദ്ധതികൾ

2.	ബാക്ക്‌വാട്ടർ ടൂറിസം പദ്ധതി	26 ലക്ഷം രൂപ
3.	പഴശ്ശി ഗാർഡർ വികസനം	25 ലക്ഷം രൂപ
4.	ധർമ്മടം സ്ഥലമെടുപ്പ്	15 ലക്ഷം രൂപ
5.	നിലവിലുള്ള റോഡുകളുടെ വികസനം പയ്യാംപലത്ത് ഡ്രെയിനേജ്	15 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly